**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീമതി റോസമ്മ ഐസക്ക്, ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ, (ആർ.എച്ച്) കാസർഗോഡ് ഫയൽ ചെയ്ത OA No. 749/2021 നമ്പർ കേസിലെ 26.03.2021-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1289/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 07/07/2021.**

പരാമർശം:
1. സ.ഉ(പി)3/2017/ഉഭപവ, തീയതി, 25.02.2017.
2. ഗ്രാമവികസന കമ്മീഷണറുടെ 08.04.2019-ലെ 5361/എസ്റ്റാ.എ 2/19/സിആർഡി നമ്പർ നടപടിക്രമം.
3. ഗ്രാമവികസന കമ്മീഷണറുടെ 07.08.2019-ലെ 5361/എസ്റ്റാ.എ 2/19/സിആർഡി നമ്പർ നടപടിക്രമം.
4. 01.03.2021-ലെ ശ്രീമതി റോസമ്മ ഐസക്ക്, ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ, കാസർഗോഡ് സമർപ്പിച്ച അപേക്ഷ.(Annexure A17).
5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 749/2021-മേലുള്ള 26.03.2021-ലെ ഉത്തരവ്.
6. ഗ്രാമവികസന കമ്മീഷണറുടെ 05.07.2021-ലെ 3687/എസ്റ്റാ.ബി3/2021/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീമതി റോസമ്മ ഐസക്ക്, അഴുത ബ്ലോക്കിൽ ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ ആയി സേവനമനുഷ്ഠിക്കവേ പി.എം.എ.വൈ. പദ്ധതി നടത്തിപ്പിൽ ക്രമക്കേട് കണ്ടെത്തുകയും ആയത് ഗുരുതരമായ കൃത്യ വിലോപമാണെന്നതിനാൽ 1960-ലെ കേരള സിവിൽ സർവീസ് ചട്ടങ്ങൾ (15) പ്രകാരം ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം ടിയാനെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയുമുണ്ടായി. തുടർന്ന് പരാമർശം (3) പ്രകാരം ടിയാളെ സർവീസിൽ പുനഃപ്രവേശിപ്പിച്ച് കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്കിലേയ്ക്ക് സ്ഥലമാറ്റിയിരുന്നു. കോട്ടയം, എറണാകുളം ജില്ലകളിൽ ഒഴിവ് വരുന്ന മുറയ്ക്ക് തനിക്ക് നിയമനം നല്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ടിയാൻ സമർപ്പിച്ച അപേക്ഷ പരിഗണിക്കാത്തതിനാൽ ബഹു. കേരള അഡ്മിനിസ് ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA No. 749/2021 ഫയൽ ചെയ്യുകയും പരാമർശം (4) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും

ചെയ്തു. Annexure A17 അപേക്ഷ പരിഗണിച്ച് മൂന്ന് മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കാൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകികൊണ്ട് പരാമർശം (5) പ്രകാരം ബഹു.കോടതി ഉത്തരവായിരുന്നു.

അച്ചടക്ക നടപടി നിലനിൽക്കുന്ന സാഹചര്യത്തിൽ ടിയാളെ ഗ്രേഡ് പ്രൊമോഷൻ, മറ്റ് സ്ഥാനക്കയറ്റങ്ങൾ എന്നിവയ്ക്ക് പരിഗണിക്കുവാൻ കഴിയുകയില്ലായെന്നും അഴുത ബ്ലോക്ക് പഞ്ചായത്തിൽ നടത്തിയ കൃത്യവിലോപത്തിന്റെ അടിസ്ഥാനത്തിൽ ടിയാളെ സസ്‌പെൻഡ് ചെയ്യുകയും അന്വേഷണ വിധേയമായി സ്ഥലം മാറ്റേണ്ട സാഹചര്യം നിലനിൽക്കുന്നതിനാലാണ് കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്കിലേയ്ക്ക് സ്ഥലമാറ്റം നൽകിയതെന്നും 2021-ലെ പൊതു സ്ഥലം മാറ്റത്തിൽ ളാലം, ഉഴവൂർ, ഈരാറ്റുപേട്ട, പാമ്പാക്കുട, വൈക്കം, കാഞ്ഞിരപ്പള്ളി, വാഴൂർ, പള്ളം എന്നീ സ്റ്റേഷനുകളിലേയ്ക്ക് സ്ഥലമാറ്റം ലഭിക്കുന്നതിനായി ടിയാൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം നടപടി സ്വീകരിക്കുന്നതാണെന്നും ഗ്രാമ വികസന കമ്മീഷണർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീമതി റോസമ്മ ഐസക്കിനെ അന്വേഷണ വിധേയമായി സ്ഥലം മാറ്റേണ്ട സാഹചര്യം നിലനിന്നതിനാലാണ് കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്കിലേയ്ക്ക് സ്ഥലമാറ്റിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ശ്രീമതി റോസമ്മ ഐസക്കിന്റെ അപേക്ഷ (Annexure A17) പരാമർശം (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച്, ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടികളെ യാതൊരുവിധത്തിലും ബാധിക്കുന്നില്ലെന്നുറപ്പ് വരുത്തി ടിയാൻ സമർപ്പിച്ചിട്ടുള്ള ഓപ്ഷൻ പ്രകാരം, നടപടി സ്വീകരിക്കുവാൻ ഗ്രാമ വികസന കമ്മിഷണർക്ക് നിർദ്ദേശം നൽകികൊണ്ട് ഉത്തരവാകുന്നു. ഇപ്രകാരം പരാമർശം (5) പ്രകാരമുള്ള അന്തിമ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ.എ.എസ്.**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീമതി റോസമ്മ ഐസക്ക്, ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ, കാഞ്ഞങ്ങാട് കാസർഗോഡ്, (ഗ്രാമവികസന കമ്മീഷണർ മുഖേന)
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ